**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **22-07-2021 - ൽ മറുപടിയ്ക്ക്**

**ലോട്ടറിതൊഴിലാളി ക്ഷേമ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡുമായി ബന്ധപ്പെട്ട തൊഴിൽ നഷ്ടപ്പെട്ട ലോട്ടറി തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കിയ ക്ഷേമ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | കോവിഡ്-19 പശ്ചാത്തലത്തിൽ ഭാഗ്യക്കുറി വില്പന പുനരുജ്ജീവിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും യഥാക്രമം 3500/- രൂപയുടെയും 2000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. സാമൂഹിക സുരക്ഷാ പെൻഷനും ബോർഡ് പെൻഷനും ലഭിക്കാത്ത ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് കോവിഡ് ആശ്വാസധനസഹായമായി 1000/-രൂപ വീതം മൂന്ന് ഘട്ടങ്ങളിലായി ആകെ 3000/-രൂപ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേക്കായി സാനിറ്റൈസർ, മാസ്ക് എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ സ്തംഭനാവസ്ഥയിലായ വിപണി ഉത്തേജിപ്പിക്കുന്നതിലേക്കായി ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹത നേടുന്ന എല്ലാ പെൻഷൻകാർക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000/- രൂപ വീതവും, പെൻഷൻകാർക്ക് 1000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേക്കായി DBT മുഖേന അംഗങ്ങളുടെ അക്കൗണ്ടിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ